## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3759** **17.10. 2011-ൽ മറുപടിക്ക്**

### ദേശീയപാതയിൽ റോഡ് സുരക്ഷാ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി.സത്യൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | ആറ്റിങ്ങൽ-തിരുവനന്തപുരം ദേശീയപാതയിൽ 2011 ജനുവരി മുതൽ സെപ്തംബർ 30 വരെ ഉണ്ടായ അപകടങ്ങളിൽ മരണപ്പെട്ടവർ എത്രയെന്ന് വിവരം നൽകുമോ; | (എ) | 87 എണ്ണം. |
| (ബി) | ദേശീയപാതയിൽ ഉണ്ടാകുന്ന അപകട മരണത്തിൽ പ്പെടുന്നവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ ധനസഹായങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | അപകടത്തിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നിയമാനുസൃതമായ രീതിയിൽ നഷ്ടപരിഹാരം, മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലുകളുടെ ഉത്തരവുകള നുസരിച്ചാണ് ഇൻഷുറൻസ് കമ്പനി കളിൽ നിന്നും നൽകുന്നത്. കൂടാതെ, വാഹനാപകടങ്ങളുടെ ഫലമായുണ്ടാ കുന്ന . മനുഷ്യദുരന്തങ്ങളുടെ വ്യാപ്തിയനുസരിച്ച് ചില അവസരങ്ങളിൽ സർക്കാർ തലത്തിലും ധനസഹായങ്ങൾ നല്കിവരുന്നുണ്ട്. |
| (സി) | ആറ്റിങ്ങൽ - തിരുവനന്തപുരം ദേശീയപാതയിൽ റോഡ് സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | ആറ്റിങ്ങൽ - തിരുവനന്തപുരം ദേശീയപാതയിൽ കേരളാ റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആറ്റിങ്ങൽ-തിരുവനന്തപുരം പാത ഉൾപ്പെട്ട കൊല്ലം - കോവളം ദേശീയപാത മാതൃകാ റോഡ് ആക്കുന്നതിന് 2.27 കോടി രൂപ |

| | | | |
|---|---|---|---|
| | | | പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. പ്രസ്തുത റോഡുകളെ ശാസ്ത്രീയമായ രീതിയിൽ സംവിധാനം ചെയ്യുകയും, ട്രാഫിക് സിഗ്നൽ ലൈറ്റുകളും, സൈൻബോർഡുകളും, റിഫ്ളക്ടറുകളും, അനുയോജ്യമായ സ്ഥാനത്ത് സ്ഥാപിക്കുകയും, സ്പീഡ് റഡാറുകൾ ഉപയോഗിച്ചുകൊണ്ട് വാഹനങ്ങളുടെ അമിത വേഗത കുറയ്ക്കുകയും ചെയ്ത് അപകടങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പദ്ധതി പോലീസ് വകുപ്പിന്റെ ഏകോപനത്തിൽ നടന്നുവരുന്നു.<br>ആറ്റിങ്ങൽ- തിരുവനന്തപുരം പാതക്കിടയിൽ സ്ഥിതിചെയ്യുന്ന മാമം പ്രദേശത്തെ റോഡുകളിൽ അപകട മരണങ്ങൾ വർദ്ധിച്ച സാഹചര്യം പരിഗണിച്ച് പ്രസ്തുത പ്രദേശത്തെ മോട്ടോർ വാഹന വകുപ്പിന്റെ സഹായത്തോടുകൂടി ബ്ലാക്ക്സ്പോട്ടായി നിർണ്ണയിക്കുകയും , പ്രസ്തുത പ്രദേശം ഉൾപ്പെടുന്ന തെക്കൻ കേരളത്തിലെ 54 ബ്ലാക്ക് സ്പോട്ടുകളിൽ അപകട നിവാരണം നടത്തുന്നതിനായി 4.5 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് റോഡ് സുരക്ഷാ അതോറിറ്റി നൽകിയിട്ടുണ്ട്. കൂടാതെ ഈ പാതക്കിടയിൽ സ്ഥിതിചെയ്യുന്ന പൂവൻപാറ സ്ഥലത്തെ റോഡുകളിൽ ഈ അടുത്തകാലത്ത് നടന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ ആറ്റിങ്ങൽ പ്രദേശത്തെ അപകട നിവാരണത്തെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ റോഡ് സുരക്ഷാ കമ്മീഷണർ ആവശ്യപ്പെട്ടതിൻ പ്രകാരം ആറ്റിങ്ങൽ ആർ.ടി.ഒ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുവാൻ ഇൻസ്പെക്ടർ ജനറൽ |

| | | | |
|---|---|---|---|
| | | | ഓഫ് പോലീസിന് (ട്രാഫിക്) റോഡ് സുരക്ഷാ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 1201- സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് 6.1 കോടി രൂപയും റോഡ് സുരക്ഷാ അതോറിറ്റി പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ